## വെറ്റിനറി കോളേജ് – യൂണിവേഴ്സിറ്റി ഭൂമി കയ്യേറ്റം: സർക്കാർ നടത്തിയത് സമാനതകളില്ലാത്ത ആദിവാസി വഞ്ചനയും തട്ടിപ്പും

വെറ്റിനറി കോളേജ് - യൂണിവേഴ്സിറ്റി ഭൂമി കയ്മാറ്റത്തിൽ നെല്ലിയാമ്പതയിലെ എസ്റ്റേറ്റ് കയ്വശക്കാരെയും സരിതാ നയരെയും കടത്തി വെട്ടുന്ന സമാനതകളില്ലാത്ത തട്ടിപ്പും ആദിവാസി വഞ്ചനയുമാണ് മാറി വന്ന സർക്കാരുകൾ നടത്തിയിരിക്കുന്നതെന്ന് രേഖകൾ ഉദ്ധരിച്ച് പരിസ്ഥിതി-ആദിവാസി സംഘടനകൾ ആരോപിച്ചു.

പരമ്പരാഗതമായി അടിമതൊഴിലിനു വിധേയരായി കഴിഞ്ഞു വന്നിരുന്ന പ്രാക്തനാ ഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആദിവാസികളെ അടിമതൊഴിലിൽ നിന്നു മോചിപ്പിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യാൻ ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ പാസ്സാക്കിയ 1976 ലെ അടിമത്തൊഴിൽ നിരോധന നിയമം (Bonded Labour System Abolition Act 1976) അനുസരിച്ച് അടിയ, പണിയ, കാട്ടുനായ്ക്ക വിഭാഗത്തിൽപ്പെട്ട ആദിവാസികളെ പുനരധിവസിപ്പിച്ച് കൃഷിയും കാർഷികാനുബന്ധ തൊഴിലുകളും പ്രദാനം ചെയ്ത് ഉദ്ധരിക്കാൻ I.T.D.P യുടെ നേതൃത്വത്തിൽ സംസ്ഥാനസർക്കാർ ആവിഷ്ക്കരിച്ച പൂക്കോട് കളക്ടീവ് ഫാം പദ്ധതിക്കായി ആദിവാസികൾക്ക് അവരുടെ തനത് മാതൃകയിലുള്ള വീട് ഉണ്ടാക്കി താമസിക്കാനും കൃഷിയും കാർഷികാനുബന്ധ തൊഴിലുകളും ചെയ്യാനും, അതേസമയം അതിലെ മരങ്ങൾ മുറിക്കുകയോ പുൽമേടുകൾ തരം മാറ്റുകയോ പോലും ചെയ്യരുതെന്ന കർശന വ്യവസ്ഥയോടെ റിസർവ്വ് ഫോറസ്റ്റ് സ്റ്റാറ്റസും വനസംരക്ഷണാധികാരങ്ങളും നില നിർത്തി കൊണ്ട് 17.2.1979 ലെ ഉത്തരവിന്റെ ചുവടുപിടിച്ച് 25.05.79-ന് വനം വകുപ്പ്, റവന്യൂ വകുപ്പിനും, റവന്യൂ വകുപ്പ്, പട്ടിക വർഗ്ഗ ക്ഷേമ വകുപ്പിനും കയ്മാറിയ 531.1675 ഹെക്ടറിൽ പെട്ട ഭൂമിയിലാണ് നിരവധി ആദിവാസി കുടുംബങ്ങളുടെ അത്താണിയായിരുന്ന പൂക്കോട് ഡയറി ഫാമും പിന്നീട് നല്ല നിലയിൽ നടന്നുവന്നിരുന്ന ഡയറി ഫാം 1998 ൽ നിർത്തൽ ചെയ്ത് ആദിവാസി കുടുംബങ്ങളെ കുടിയിറക്കി അവിടെ വെറ്റിനറി കോളേജും സ്ഥാപിച്ചിരിക്കുന്നത്.

29-11-2011 ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഈ ഭൂമിയും മറ്റും ആദിവാസികൾക്ക് പതിച്ചുനൽകുന്നതിനെ കുറിച്ച് സർക്കാർ ചർച്ച ചെയ്തെങ്കിലും റിസർവ്വ് ഫോറസ്റ്റ് സ്റ്റാറ്റസ് നിലനിൽക്കുന്നതിനാൽ 1980 ലെ വനസംരക്ഷണ നിയമം സെക്ഷൻ-2 പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതിയില്ലാതെ ആദിവാസികൾക്ക് പതിച്ചു കൊടുക്കാൻ പോലും സംസ്ഥാന സർക്കാരിനധി

കാരമില്ലെന്നും, അപ്രകാരം ചെയ്താൽ വനസംരക്ഷണ നിയമം സെക്ഷൻ - 3.B പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശിക്ഷാനടപടി നേരിടേണ്ടിവരുമെന്നും അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

ഇങ്ങനെയിരിക്കെ ഈ ഭൂമികൾ നവോദയ വിദ്യാലയത്തിനും, ജയിലിനും, വെറ്റിനറി കോളേജിനും സംസ്ഥാന സർക്കാർ കയ്മാറിയതെങ്ങിനെ എന്നത് ദുരൂഹതയുണർത്തുന്നു.

ഇപ്രകാരമാണ് അതുസംഭവിക്കുന്നത്;

അഡ്വക്കേറ്റ് ജനറിലിന്റെ നിയമോപദേശത്തെ തുടർന്ന് ഇപ്പോൾ വെറ്റിനറി കോളേജ് സ്ഥിതി ചെയ്യുന്നതും യൂണിവേഴ്സിറ്റി നിർമ്മാണത്തിനുദ്ദേശിക്കുതുമടക്കം പൂക്കോട് ഡയറി ഫാമിന്റെ അധീനതയിലുണ്ടായിരുന്ന 341.57 ഹെക്ടർ വനഭൂമിയുൾപ്പെടെ വയനാട്ടിലെ 3008.0800 ഹെക്ടർ നിക്ഷിപ്ത വനഭൂമി ഭൂരഹിത ആദിവാസികൾക്ക് പതിച്ചുനൽകാൻ അനുമതിക്കുവേണ്ടി സംസ്ഥാനസർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനു മുമ്പാകെ പ്രൊപ്പോസൽ സമർപ്പിച്ചു.

എന്നാൽ വനഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി തേടുമ്പോൾ, പകരം വനംവൽക്കരണം നടത്താനുള്ള ചിലവായി ഹെക്ടറിന് 9.25 ലക്ഷം രൂപ നിരക്കിൽ Net Present Value (NPV) അടക്കുവാൻ സുപ്രീം കോടതി ഉത്തരവ് ചൂണ്ടിക്കാട്ടി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സംസ്ഥാനസർക്കാരിനോട് നിർദ്ദേശിച്ചു. ഇതിനെ തുടർന്ന് ഭൂരഹിത ആദിവാസികൾക്ക് പതിപ്പിച്ചു നൽകേണ്ട ആവശ്യം മുൻനിർത്തി ഭീമമായ NPV സംഖ്യ അടക്കുന്നതിൽ നിന്ന് ഒഴിവാക്കി കിട്ടുവാൻ സംസ്ഥാന സർക്കാർ സുപ്രീം കോടതിയെ സമീപിക്കുകയും, ഭൂരഹിത ആദിവാസികളോടുള്ള മാനുഷിക പരിഗണനയും, വിഷയത്തിലെ സദുദ്ദേശവവും മുൻനിർത്തി NPV അടക്കാതെ ഈ ഭൂമികൾ ആദിവാസികൾക്ക് പതിച്ചുനൽകുന്നതിന് ഒറ്റത്തവണത്തേക്ക് മാത്രം ക്ലിയറൻസ് നൽകുവാൻ സുപ്രീം കോടതി കേന്ദ്രസർക്കാരിനോട് നിർദ്ദേശിക്കുകയും അതുപ്രകാരം സംസ്ഥാന സർക്കാർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ച് അതിൽ പറഞ്ഞിരിക്കുന്ന പൂക്കോട് ഡയറി പ്രൊജക്ടിന്റെ കീഴിലുള്ള 341.57 ഹെക്ടർ വനഭൂമി ആദിവാസികൾക്ക് പതിച്ചു കൊടുക്കുന്നതിന് അടക്കേണ്ടിയിരുന്ന 31.50 കോടി രൂപയടക്കം 3008 ഹെക്ടർ വനഭൂമിക്കും NPV ഒഴിവാക്കി ഭൂരഹിത ആദിവാസികൾക്ക് പതിച്ചു നൽകാൻ 21.08.2003 ന് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം അനുമതി നൽകുകയായിരുന്നു. ഇപ്രകാരം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലും 21.08.2033 ന് കേന്ദ്രസർക്കാർ നൽകിയ

അനുമതിയും പരിശോധിച്ചാൽ മൂന്ന് കാര്യങ്ങൾ വ്യക്തമാകും. ഒന്ന്; ഇപ്പോൾ നവോദയ സ്കൂളും വെറ്റിനറി കോളേജും സ്ഥാപിച്ചിരിക്കുന്നതും വെറ്റിനറി യൂണിവേഴ്സിറ്റിയും ജയിലും സ്ഥാപിക്കാൻ പോവുന്നതുമായ ഭൂമികൾ ഇപ്പോഴും റിസർവ്വ് സ്റ്റാറ്റസ് നിലനിൽക്കുന്ന വനഭൂമിയാണ് രണ്ട്; മേൽപ്പറഞ്ഞ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ഹെക്ടറിന് 9.25 ലക്ഷം രൂപ NPV അടച്ച് കേന്ദ്ര സർക്കാരിന്റെ അനുമതി നേടിയിരിക്കണം, മൂന്ന്; അപ്രകാരം അനുമതിക്കപേക്ഷിക്കുകയോ അനുമതിനേടുകയോ ചെയ്യാതെ ആദിവാസി പുനരധിവാസത്തിന് മാത്രം അനുമതിയുള്ള വനഭൂമിയിൽ നിയമ വിരുദ്ധമായാണ് മേൽപറഞ്ഞ സ്ഥാപനങ്ങൾ നിർമ്മിക്കുകയും യൂണിവേഴ്സിറ്റിയും മറ്റും നിർമ്മിക്കാനുദ്ദേശിക്കുകയും ചെയ്തിരിക്കുന്നത്.

അതായത് വയനാട്ടിലെ ഭൂരഹിത ആദിവാസികളുടെ ദൈന്യതകൾ ചൂണ്ടിക്കാട്ടി പ്രത്യേക പരിഗണനയർഹിക്കുന്ന ഈ പട്ടിണിപ്പാവങ്ങളെ പുനരധിവസിപ്പിക്കുകയും ഇവർക്ക് പതിച്ച് നൽകുകയും ചെയ്യാൻ വേണ്ടി സംസ്ഥാന സർക്കാർ മുന്നോട്ടു വെച്ച പ്രൊപ്പോസൽ ആദിവാസികളോടുള്ള സഹാനുഭൂതിയുടേയും മാനുഷിക പരിഗണനയുടെയും അടിസ്ഥാനത്തിൽ സുപ്രിംകോടതിയും കേന്ദ്ര സർക്കാരും അംഗീകരിക്കുകയും ഭീമമായ NPV അടക്കുന്നതിൽ നിന്ന് ഇളവു നൽകി ആദിവാസികൾക്ക് പതിച്ചു നൽകുന്നതിനു മാത്രം തരംമാറ്റാൻ അനുമതി നൽകുകയും ചെയ്ത നിക്ഷിപ്ത വനഭൂമി ആദിവാസികൾക്ക് പതിച്ചു നൽകിയില്ലെന്നുമാത്രമല്ല, പതിറ്റാണ്ടുകളായി കൃഷിയും കന്നുകാലിവളർത്തലുമായി ആദിവാസികൾ അധിവസിച്ചു വന്നിരുന്ന ഭൂമിയിൽ നിന്നും നിഷ്കരുണം അവരെ കുടിയിറക്കുകയും ചെയ്ത് നിയമവിരുദ്ധമായി അവിടെ വെറ്റിനറി കോളേജും ഇപ്പോൾ വെറ്റിനറി യൂണിവേഴ്സിറ്റിയുമൊക്കെയാക്കി കോൺക്രീറ്റ് വികസനം പടുത്തുയർത്തിയിരിക്കുകയാണ് സർക്കാർ!.

നെല്ലിയാമ്പതിയിലെ എസ്റ്റേറ്റ് കയ്യേശക്കാർ സർക്കാരിനെ മാത്രമേ പറ്റിച്ചിട്ടുള്ളൂ സരിതയും ശബരീനാഥുമാകട്ടെ കള്ളപ്പണക്കാരെയും കൊള്ള ലാഭം കൊതിക്കുന്നവരേയും മാത്രവും ഇവരാരും തന്നെ അരപ്പട്ടിണിക്കാരായ ആദിവാസികളെ വഞ്ചിക്കുകയോ അവരുടെ കിടപ്പാടം തട്ടിയെടുത്ത് വഴിയാധാരമാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ഇവിടെ കേരള സർക്കാർ ചെയ്തിരിക്കുന്നതാകട്ടെ സമർത്ഥരായ തട്ടിപ്പ് വീരൻമാരെ പ്പോലും കടത്തിവെട്ടുന്ന നയചാതുര്യത്തോടെ ഒരേ സമയം കേന്ദ്ര സർക്കാരിനേയും ഇന്ത്യയിലെ പരമോന്നത നീതിപീഠത്തേയും പട്ടിണിപ്പാവങ്ങളായ ആദിവാസികളേയും നഗ്നമായി കബളിപ്പിച്ചു കൊണ്ടാണ് വികസനം നടപ്പിലാക്കികൊണ്ടിരിക്കുന്നത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽപ്പോലും വികസനത്തിന്റെ പേരിൽ ഇത്രയും നെറികെട്ട ആദിവാസി വഞ്ചനയും കുടിയിറക്കും നടത്തിയിട്ടുണ്ടു

വില്ല. അതുകൊണ്ടാണ് സമാനതകളില്ലാത്ത തട്ടിപ്പും ആദിവാസി വഞ്ചനയുമാണ് കേരള സർക്കാർ നടത്തികൊണ്ടിരിക്കുന്നത് എന്നു പറയാൻ കാരണം. ഇതിൽ വനം-പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥരും, മുത്തങ്ങ വെടിവെപ്പിനുശേഷം വയനാട്ടിലെ മൊത്തം ആദിവാസികളുടെ രക്ഷാകതൃത്വം ഏറ്റേടുത്ത് 'അർധോക്തി' ഭൂസമരങ്ങൾ നടത്തിവരുന്ന രാഷ്ട്രീയ കക്ഷികളും കൂട്ടു നിന്നു എന്നതാണ് ദു:ഖകരം.

ഇപ്രകാരം ആദിവാസി ഭൂമി അന്യാധീനപ്പെടുത്തിയാണ് ഇവിടെ വെറ്റിനറി കോളേജും യൂണിവേഴ്സിറ്റിയുമൊക്കെ നിർമ്മിച്ച് കൊണ്ടിരിക്കുന്നത് എന്നതിനുപുറമെ പൂക്കോട് തടാകത്തിന്റെ അവിഭാജ്യ ഘടകമായ ഈ പുൽമേടുകൾക്ക് കോട്ടം വരുത്തികൊണ്ടുള്ള യാതൊരു പ്രവൃത്തിയും പാടില്ലെന്ന് അബു പൂക്കോട് ഫയൽ ചെയ്ത കേസിൽ 31.01.2006 ന് കേരള ഹൈക്കോടതി ഉത്തരവുള്ളതും ഇവിടെ അത്തരം യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടക്കുന്നില്ല എന്ന് 27.09.2012 വനം വകുപ്പ് ഹൈക്കോടതിയിൽ സത്യവാങ്ങ് മൂലം നൽകിയിട്ടുള്ളതുമാണ്.

അതുകൊണ്ട് നിർദ്ധിഷ്ട സ്ഥലത്ത് നിന്നും വെറ്റിനറി യൂണിവേഴ്സിറ്റിയും തജയിലും അടക്കമുള്ള നിർമ്മാണ പ്രവർത്തികൾ മറ്റെവിടെയെങ്കിലും മാറ്റിസ്ഥാപിച്ചേ തീരു. ഇതിന് സർക്കാർ തയ്യാറാവാതെ വന്നാൽ മേൽ വിവരിച്ച വസ്തുക്കളും രേഖകളും വെച്ച് കോടതിയെ സമീപിക്കാൻ ഞങ്ങൾ നിർബന്ധിതരായിതീരും. തുടർന്ന് വെറ്റിനറി കോളേജിനും നവോദയ സ്ക്കൂളിനുമൊക്കെയായി നടത്തിയ അനധികൃത കൈയ്മാറ്റങ്ങൾ റദ്ദാക്കപെടുകയോ അതിലെ സ്ഥാപനങ്ങൾ പൊളിച്ചു നീക്കേണ്ടിവരികയോ ചെയ്താൽ അതിന് സർക്കാർ മാത്രമായിരിക്കും ഉത്തരവാദി.